പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3380 23-06-2014-ൽ മറുപടിക്ക്

## അട്ടപ്പാടി പാക്കേജിൽ പ്രഖ്യാപിച്ച ലഹരിവിമുക്ത ചികിത്സാകേന്ദ്രം

ചോദ്യം:

ശ്രീ. എ. പ്രദീപ് കുമാർ:

ഉത്തരം:

ശ്രീ. കെ. ബാബു

(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ) ബിവറേജസ് കോർപ്പറേഷന്റെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാൻ ഉദ്ദേശിച്ച അട്ടപ്പാടി പാക്കേജിൽ പ്രഖ്യാപിച്ച ലഹരിവിമുക്ത ചികിത്സാ കേന്ദ്രത്തിന്റെ നിർമ്മാണത്തിനായി സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ ഇതുവരെ എത്ര തുക നൽകി; പ്രഖ്യാപിച്ച ഫണ്ട് മുഴുവൻ ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(എ) അട്ടപ്പാടി കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിനോടനുബന്ധിച്ച് ഒരു ലഹരിമുക്ത ചികിത്സാ കേന്ദ്രം ആരോഗ്യ വകുപ്പിന്റെ കീഴിൽ തുടങ്ങുന്നതിന് തീരുമാനിക്കുകയും അതിന്റെ നടത്തിപ്പിനാവശ്യമായ മരുന്നും മറ്റുപകരണങ്ങളും വാങ്ങുന്നതിനായി കെ.എസ്.ബി.സി.യുടെ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി നീക്കി വച്ചിട്ടുള്ള 3.5 കോടി രൂപയിൽ നിന്നും 25 ലക്ഷം രൂപ അനുവദിച്ച് നൽകുന്നതിന് തീരുമാനമാകുകയും തുക റിലീസ് ചെയ്തു നൽകുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആരോഗ്യ-കുടുംബക്ഷേമ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി എക്സൈസ് വകുപ്പ് തുകയൊന്നും അനുവദിച്ച് നൽകിയിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിക്കായി മറ്റേതെങ്കിലും രീതിയിൽ തുക അനുവദിക്കപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തുക പൂർണ്ണമായും ലഭ്യമായിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ചികിത്സാ കേന്ദ്രത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കി ചികിത്സാ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(ബി)-യും, (സി)-യും

സംസ്ഥാനത്തെ പട്ടികജാതി മേഖലകളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കനുവദിക്കുന്ന തുക ഉപയോഗിച്ച് ടി മേഖലയിൽ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ കെ.എസ്.ബി.സി.യുടെ വരുമാനത്തിൽ നിന്നും ലഹരിവിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിയുടെ ഭാഗമായി സ്വാമി വിവേകാനന്ദ മെഡിക്കൽ മിഷൻ, അട്ടപ്പാടി എന്ന സ്ഥാപനത്തിന് 8,68,000/- രൂപ ധനസഹായം സർക്കാർ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ആഫീസർ